(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ജനങ്ങൾക്ക് സംരക്ഷിത യാത്ര ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിക്കുള്ളത്. ഈ പദ്ധതി വഴി ട്രാഫിക്കുമായി ബന്ധപ്പെട്ട '3E'-കളായ എൻഫോഴ്സ്മെന്റ്, എഞ്ചിനീയറിംഗ്, എഡ്യൂക്കേഷൻ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(സി&ഡി) 4-6-2015-ലെ സ.ഉ.(ആർ‌ടി.) നമ്പർ 1368/2015/ആഭ്യ പ്രകാരം 'ശ്രുഭയാത്രാ' പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു*. തുടർന്ന് പദ്ധതി നടത്തിപ്പിനായി 1,00,00,000 രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്.*

പുതിയ ഫയർ എഞ്ചിനുകൾ

209 (1914) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനുവേണ്ടി എത്ര പുതിയ ഫയർ എഞ്ചിനുകൾ വാങ്ങുവാനാണ് ഓർഡർ നൽകിയിട്ടുള്ളത് ;

(ബി) പുതിയ ഫയർ എഞ്ചിനുകൾ എപ്പോൾ ലഭ്യമാകുമെന്ന് അറിയിക്കുമോ ;

(സി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് പുതിയ ഫയർ എഞ്ചിനുകൾ ലഭിക്കുന്ന ആദ്യഘട്ടത്തിൽ തന്നെ നിർദ്ദിഷ്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്ന പരിഗണന നൽകി മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ ഫയർ എഞ്ചിൻ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുതായി 83 ഷാസികൾ വാട്ടർ ടെണ്ടറുകളായി ഫാബ്രിക്കേറ്റ് ചെയ്യുന്നതിനാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്.

(ബി) ഫാബ്രിക്കേഷൻ പൂർത്തിയായ 25 വാട്ടർ ടെണ്ടറുകൾ മാർച്ചിൽ ലഭിച്ചിരുന്നു. ബാക്കിയുള്ള 58 എണ്ണത്തിൽ 25 എണ്ണം ജൂലൈ മാസത്തിലും ബാക്കിയുള്ള 33 എണ്ണം 2015 നവംബറിന് മുൻപും ലഭിക്കുന്നതാണ്.

(സി) പുതിയ വാട്ടർ ടെണ്ടറുകൾ ലഭ്യമാകുമ്പോൾ മട്ടന്നൂർ ഫയർ സ്റ്റേഷന് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം

210 (1915) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകൾ ഏതെല്ലാമാണ്; ഇപ്രകാരം എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) ഇതേ കാലയളവിൽ സംസ്ഥാന സർക്കാർ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുക എത്ര വീതമാണ്;

(സി) ഇക്കാലയളവിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നടത്തിയ നവീകരണ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിലെ വിവിധ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾക്ക് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), അഗ്നിശമന സേനയെ ശക്തിപ്പെടുത്തൽ (75 ശതമാനം സി.എസ്.എസ്.), സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ അനുവദിച്ച തുകകൾ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിലൂടെ ലഭ്യമായിട്ടുണ്ട്. ഇപ്രകാരം ആകെ 27,61,00,000 രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly